**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**23 March 2018**

**(04 Rajab 1439 AH)**

# “THE LIFE & MISSION OF THE PROMISED MESSIAH (AS)”.

# വാഗ്ദത്ത മസീഹ് (അ) ന്റെ ജീവിതവും സന്ദേശവും

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **വാഗ്ദത്ത മസീഹ് (അ)ന്റെ ജീവിതവും സന്ദേശവും** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

ഇന്ന് 2018 മാർച്ച് 23 ആകുന്നു. ലുധിയാനയിലെ സൂഫി അഹ്മദ് ജാന്റെ വസതിയിൽ 40 അനുചരന്മാരിൽ നിന്ന് ബൈഅത്ത് സ്വീകരിച്ച് വാഗ്ദത്തമസീഹ് ആയ ഖാദിയാനിലെ ഹസ്രത് മിർസാഗുലാം അഹ്മദ് (അ) അഹ്മദിയ്യാ പ്രസ്ഥാനം സ്ഥാപിച്ചിട്ട് ഇന്നേയ്ക്ക് 129 വർഷം പിന്നിടുന്നു. വാഗ്ദത്തമസീഹ് (അ) ന്റെ കയ്യിൽ ബൈഅത്തു ചെയ്ത പ്രഥമനായ ഹസ്രത് മൗലവി നുറുദ്ദീൻ (റ) പിന്നീട് വാഗ്ദത്തമസീഹ് (അ) ന്റെ പ്രഥമ ഖലീഫ ആവുകയും ചെയ്തു. അതായത് ഖലീഫത്തുൽ മസീഹ് അവ്വൽ !

മൗറിഷ്യസിലും മറ്റിതര രാജ്യങ്ങളിലും ഈ ചരിത്രപരമായ ദിനത്തെ അറിയപ്പെടുന്നത് “വാഗ്ദത്തമസീഹ് ദിനം” എന്നാകുന്നു.

നാം അഹ്മദീ മുസ്‌ലിംകൾ, ഈ ദിനത്തെ വാഗ്ദത്തമസീഹ് (അ) ന്റെ ജീവിതത്തെയും സന്ദേശത്തെയും പറ്റി അനുസ്മരിക്കുവാനായി ഉപയോഗപ്പെടുത്തുന്നു.

ഹസ്രത് മിർസാഗുലാം അഹ്മദ് (അ) ബർലാസ് എന്നു പേരുള്ള പേർഷ്യൻ ഗോത്രത്തിൽപ്പെട്ട ആളാകുന്നു. അദ്ദേഹത്തിന്റെ മുൻഗാമികളിൽപ്പെട്ട മിർസാ ഹാദി ബേഗ് അദ്ദേഹത്തിന്റെ ജന്മനഗരമായ സമർക്കന്തിൽ (ഖുറാസാൻ) നിന്നും കുടിയേറി ഇൻഡ്യയിൽ താമസമാക്കി. അദ്ദേഹത്തിനോടൊപ്പം 200 പേരുണ്ടായിരുന്നു. തന്റെ ഗോത്രത്തിൽപ്പെട്ടവരും കുടുംബാംഗങ്ങളും അദ്ദേഹത്തിന്റെ തൊഴിലാളികളിൽപെട്ടവരും ഉണ്ടായിരുന്നു. അദ്ദേഹം വളരെ ബഹുമാന്യനായ ഒരാളായിരുന്നു. അതോടൊപ്പം ഒരു പണ്ഡിതനുമായിരുന്നു. അതുമല്ല അദ്ദേഹം വളരെ സ്വാത്തികനുമായിരുന്നു. ഇൻഡ്യ തത്സമയം മുഗൾ ചക്രവർത്തിയായ ബാബറിന്റെ ഭരണത്തിൻ കീഴിലായിരുന്നു. ബാബർ ചക്രവർത്തി വളരെ വിസ്തൃതമായ ഒരു ഭൂപ്രദേശം മിർസാഹാദി ബേഗ്ന് നല്കുകയുണ്ടായി. ചക്രവർത്തിയോടു കാട്ടിയ വിശ്വസ്തസേവനത്തിന്റെ പാരിതോഷികമായാണ് അത് നല്കിയത്. അതിനു ശേഷം മിർസാഹാദി ബെയ്ഗ് ഈ വിസ്തൃതമായ ഭൂമിയുടെ ഒരു ഭാഗം തെരഞ്ഞെടുത്ത് അദ്ദേഹത്തിന്റെ ഗോത്രത്തോടൊപ്പം അവിടെ താമസമാക്കുവാൻ തീരുമാനിച്ചു. അങ്ങനെ അദ്ദേഹം അവിടെ ഒരു നഗരം പണിതുയർത്തി അതിന് ഇസ്ലാംപൂർ എന്ന് നാമകരണം ചെയ്തു. കാലഗമനത്തിൽ ഇസ്ലാംപൂർ അനേകം മാറ്റങ്ങൾക്ക് വിധേയമായി. ഒടുവിൽ അത് ഇസ്ലാംപൂർ ഖാദിമാജി എന്നറിയപ്പെടാൻ തുടങ്ങി. അതേ തുടർന്ന് ഖാദി മാജി എന്ന പേരിലായി, അതേതുടർന്ന് ഖാദി എന്നും ഒടുവിൽ ഖാദിയാൻ എന്ന പേരിലും അറിയപ്പെടാൻ

തുടങ്ങി.

വാഗ്ദത്ത മസീഹ് (അ) ന്റെ പെറ്റേണൽ ഗ്രേറ്റ് ഗ്രാന്റ് ഫാദർ മിർസാഗുൽ മുഹമ്മദ് വളരെ വലിയ സ്വാത്വികനായ ഒരു മനുഷ്യനായിരുന്നു. അദ്ദേഹം വളരെ വലിയ സത്യസന്ധനായിരുന്നു. വാഗ്ദത്തമസീഹ് (അ) ന്റെ പെറ്റേണൽ ഗ്രാന്റ് ഫാദർ മിർസാ, അത്താമുഹമ്മദ്, മിർസാ ഗുൽ മുഹമ്മദിന്റെ പുത്രനായിരുന്നു. വാഗ്ദത്ത മസീഹ് (അ) ന്റെ പിതാവ് മിർസാഗുലാം മുർത്ദായും മാതാവ് ചിരാഗ് ബീബിയുമായിരുന്നു. വാഗ്ദത്തമസീഹ് (അ) ന്റെ മാതാവിന്റെ അതിഥി സൽക്കാര തല്പരത വളരെ പ്രസിദ്ധമാകുന്നു. അതുപോലെ സാധുക്കളോട് അവർ പുലർത്തിയിരുന്ന സംരക്ഷണ തൽപരതയും വളരെ ശ്രദ്ധേയമാണ്.

പല നിലയിലുള്ള കണക്കുക്കൂട്ടലുകളുടെയും അടിസ്ഥാനത്തിൽ വാഗ്ദത്തമസീഹ് (അ) 1835 ഫെബ്രുവരി 13-ാം തീയതി സൂരോദ്യയത്തിനു മുൻപാണ് ഭൂജാതനായത്. (14 ശവ്വാൻ 1250 ഹിജ്റ) എന്ന് മനസ്സിലാകുന്നു. അദ്ദേഹത്തിന്റെ ജനനത്തോടൊപ്പം ഒരു സഹോദരിയും ജനിക്കുകയുണ്ടായി. പ്രസ്തുത സഹോദരി മരണപ്പെട്ടുപ്പോയി. ഇസ്ലാമിക സാഹിത്യത്തിൽ അദ്ദേഹത്തിന്റെ ഇരട്ട ജനനം രേഖപ്പെടുത്തിയിട്ടുണ്ട്. വാഗ്ദത്തമസീഹ് ജനിക്കുന്നത് ഇരട്ടയായിട്ടായിരിക്കും എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. (ഫൂസൂലുൽ ഹിക്കം-മുഹ്‌യിദ്ദീനുബ്ന് അറബി)

കുട്ടിക്കാലം മുതൽ തന്നെ വാഗ്ദത്തമസീഹ് (അ) സമയം നഷ്ടപ്പെടുത്തുന്നത് ഇഷ്ടപ്പെട്ടിരുന്നില്ല. കുട്ടിക്കാലത്ത് അദ്ദേഹത്തിന്റെ കളിത്തോഴർ കളിയിലേർപ്പെടുമ്പോൾ, സമയം നഷ്ടമാകുന്ന കളികളിൽ നിന്നും അദ്ദേഹം ദൂരപ്പെട്ടു കഴിഞ്ഞു. അദ്ദേഹത്തിന്റെ വിദ്യഭ്യാസത്തിനായി മൂന്ന് രീതിയിലുള്ള വ്യത്യസ്ത അദ്ധ്യാപകരെ കൊണ്ടു വന്നു.

ഒന്നിനു പുറകെ മറ്റൊന്നായി പ്രസ്തുത അദ്ധ്യാപകരെ കൊണ്ട് വിവിധങ്ങളായ വിഷയങ്ങൾ പഠിപ്പിക്കുകയുണ്ടായി.

വളരെ ചെറുപ്പത്തിൽ തന്നെ വാഗ്ദത്തമസീഹ് (അ) വിവാഹിതനായി. ആദ്യവിവാഹം അദ്ദേഹത്തിന്റെ 15-ാം വയസ്സിലായിരുന്നു. മാതൃകുടുംബത്തിൽ നിന്നുള്ള ഹുർമത്ത് ബീവിയായിരുന്നു വധു. തന്റെ മാതൃസഹോദരനായ മിർസാ ജമാഅത്ത് ബൈഗിന്റെ മകളായിരുന്നു പ്രസ്തുത വധു. അവരിൽ രണ്ടു കുട്ടികൾ ജനിച്ചു. മിർസാ സുൽത്താൻ അഹ്മദും, മിർസാ ഫസൽ അഹ്മദും. മിർസാ ഫസൽ അഹ്മദും, മിർസാ സുൽത്താനും അവരുടെ പിതാവ് മുജദ്ദിദാണെന്നും വാഗ്ദത്തമസീഹാണെന്നുമുള്ള വിശ്വാസമില്ലായിരുന്നു. എന്നാൽ മിർസാ സുൽത്താൻ അഹ്മദ് അദ്ദേഹത്തിന്റെ പിതാവ് മരണപ്പെട്ട ശേഷം അദ്ദേഹം വിശ്വാസിക്കുകയും, ബൈഅത്ത് സ്വീകരിക്കുകയും ചെയ്തു. ജമാഅത്ത് അഹ്മദിയ്യായിൽ വിശ്വാസമർപ്പിക്കുകയും തന്റെ അർത്ഥ സഹോദരനായ ഹസ്രത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) വിനെ അംഗീകരിക്കുകയും അഹ്മദിയ്യ. പ്രസ്ഥാനത്തിലെ രണ്ടാം ഖലീഫയായ അദ്ദേഹത്തിൽ ബൈഅത്ത് ചെയ്യുകയും ചെയ്തു.

വളരെ ചെറുപ്പം മുതൽ തന്നെ ഹസ്രത് മിർസാഗുലാം അഹ്മദ് (അ) ഏകാന്ത ജീവിതത്തെ ഇഷ്ടപ്പെടുകയും, കൂടുതൽ സമയവും അല്ലാഹുവിനോട് ദുആ ചെയ്യുന്നതിൽ തല്പരനാവുകയും ചെയ്തിരുന്നു. അതുമല്ലെങ്കിൽ വിശുദ്ധഖുർആൻ പഠനത്തിൽ ആഴ്ന്നിറങ്ങുകയും ചെയ്തിരുന്നു. മതത്തോടുള്ള തന്റെ മകന്റെ അതിയായ താത്പര്യത്തെ പറ്റി പിതാവ് നല്ല ബോധവനായിരുന്നു. എന്നാൽ ഒരു പിതാവെന്ന നിലയിൽ തന്റെ മകന്റെ ഭാവിയെകുറിച്ച് അദ്ദേഹം ഉത്കണ്ഠാകുലനായിരുന്നു. തന്റെ മരണശേഷം അവന്റെ നിത്യ ജീവിതത്തിന് അവൻ

എന്തു ചെയ്യും എന്നതായിരുന്നു ആ പിതാവിനെ അലട്ടിയിരുന്ന പ്രശ്നം ! അദ്ദേഹം തന്റെ മകന്റെ വർത്തമാന കാലത്തെ കുറിച്ച് വിഷമിച്ചിരുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ മരണശേഷം അവനെന്തു ചെയ്യും ? ഇതാണ് പ്രസ്തുത പിതാവിനെ അലട്ടിയ പ്രശ്നം !

മിർസാഗുലാം മുർതദ തന്റെ സ്നേഹിതന്മാരുടെ അടുക്കൽ തന്റെ മകനെ കുറിച്ച് സൂചിപ്പിക്കുകമായിരുന്നു. എന്റെ ഈ മകൻ കൂടുതൽ സമയവും പ്രാർത്ഥനയിൽ പള്ളിയിൽ കഴിഞ്ഞു കൂടുവാൻ ആഗ്രഹിക്കുന്നവനാണ്. അവനൊരു ജോലി അന്വേഷിക്കുന്നില്ല. സാമ്പത്തിക ഭദ്രത വരുത്തി നല്ല ഒരു ജീവിതത്തിന് വേണ്ടി അവൻ പരിശ്രമിക്കുന്നില്ല. അല്ലാഹു (ത) അദ്ദേഹത്തിന്റെ മകനെ മസീഹായും വാഗ്ദത്തമഹ്ദിയായും, അദ്ദേഹത്തിന്റെ കാലത്തിൽ ഉയർത്തിയിരിക്കുന്നു എന്ന കാര്യത്തിന് സാക്ഷ്യം വഹിക്കുവാൻ അദ്ദേഹം ദീർഘനാൾ ജീവിച്ചിരുന്നുവെങ്കിൽ എത്ര വലിയ ബഹുമതി ആയാനെ അത് ?

വാഗ്ദത്ത്മസീഹിന്റെ പിതാവ് 1876 ജൂൺമാസത്തിൽ സൂര്യാസ്തമയശേഷം വഫാത്തായി. അന്നേ ദിവസം ഉച്ചസമയത്ത് വാഗ്ദത്തമസീഹ് (അ) ന് ഒരു വെളിപാടു ലഭിക്കുകയുണ്ടായി. എന്റെ പിതാവിന്റെ പെട്ടെന്നുള്ള മരണവാർത്ത ആയിരുന്നു അത് ! ഈ അവസ്ഥയിൽ അതിയായ ദുഃഖ ഭാരത്തോടെ, തന്റെ ജീവിതത്തിന് വകയില്ലാത്ത ഒരു അവസ്ഥഅദ്ദേഹത്തിനുഭവപ്പെട്ടു. കാരണം തനിക്കു വേണ്ടി എല്ലാം നോക്കിയിരുന്നത് പിതാവായിരുന്നു. പിതാവ് അദ്ദേഹത്തിന് വേണ്ടി എല്ലാം ചെലവഴിച്ചിരുന്നു. പണവും, ആഹാരവും, പാനീയവും എല്ലാം എല്ലാം തനിക്കുവേണ്ടി ചെലവഴിച്ചിരുന്ന പണം ഇനി കിട്ടുവാനില്ല. ചുരുക്കത്തിൽ ഇനി പട്ടിണിയുടെ ദിനങ്ങൾ തന്നെയാണ് മുന്നിലുള്ളത്. ഉടൻ തന്നെ അദ്ദേഹത്തിന് അല്ലാഹുവിൽ നിന്ന് ഒരു

വെളിപാടു ലഭിക്കുകയുണ്ടായി. തന്റെ ദാസന് അല്ലാഹു മതിയായ വനല്ലേ ?

ഈ വെളിപാട് അദ്ദേഹത്തിന് അസാധാരണമായ ഒരാശ്വാസ മേകി. അദ്ദേഹത്തിന്റെ എല്ലാവിധ വിഷമങ്ങളിൽ നിന്നും മോചിതനാ യതുപോലെ ! മനസ്സിനൊരു ശാന്തി കൈവന്നപോലെ ! അല്ലാഹു (ത) താൻ തന്നെ അദ്ദേഹത്തിന്റെ സംരക്ഷണം ഏറ്റെടുക്കുകയും അദ്ദേഹ ത്തിന്റെ എല്ലാവിധ ക്ലേശങ്ങളിൽ നിന്നും മോചനം നല്കുകയും ചെയ്തു.

1882 ൽ അദ്ദേഹം പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) നെ ഒരു ദർശനത്തിൽ കാണുകയുണ്ടായി. അപ്പോഴാണ് അദ്ദേഹത്തിന് ആദ്യ വെളിപാടിറങ്ങുന്നത് (അദ്ദേഹത്തിന്റെ പ്രഖ്യാപനം സംബന്ധമായി അതായത് അല്ലാഹു (ത) അദ്ദേഹത്തെ മുജദ്ദിദായി തെരഞ്ഞെടുത്തി രിക്കുന്നു. എന്നും പ്രസ്തുത സ്ഥാനത്തേക്കുകയർത്തി അഹ്മദിയ്യാ പ്രസ്ഥാനം സ്ഥാപിച്ചു. അല്ലാഹുവിലുള്ള വിശ്വാസത്തെ നവീകരിക്കു ന്നതിനായി, ഇസ്ലാമികാധ്യാപനങ്ങൾക്കും, ഇസ്ലാമിനെതിരിലുള്ള, എല്ലാ ആരോപണങ്ങൾക്കും, മറുപടി പറയുന്നതിനായി ! അദ്ദേഹം വിശുദ്ധഖുർആന്റെയും മുസ്ലിംകളുടെയും സംരക്ഷകനായി മാറി. ദൗർഭാഗ്യവശാൽ മുസ്ലിം ബഹുഭൂരിപക്ഷം അദ്ദേഹത്തിന്റെ വില മന സ്സിലാക്കിയില്ല. അദ്ദേഹത്തെ അവർ നിന്ദ്യമായ പേരുകളിലാണ് സ്വീക രിച്ചത്.

1908 മെയ് 26 ന് ലാഹോറിൽ അദ്ദേഹം വഫാത്തായി. പീഢിപ്പി ക്കപ്പെടുന്ന ഒരു ജമാഅത്തിനെ അദ്ദേഹം ഉപേക്ഷിച്ചു പോയി. അദ്ദേ ഹത്തിന്റെ മഹത്തായ അധ്യാപനങ്ങളെ ഏറ്റവും നല്ലനിലയിൽ വള രെക്കാലം അവർ പ്രഘോഷിക്കുകയുണ്ടായി. എന്നാൽ ദൗർഭാഗ്യവ ശാൽ കാലത്തിന്റെ പ്രയാണത്തിൽ, കുറെശ്ശെയായി, ഈ ജമാഅത്തിലെ

ആളുകൾ, അദ്ദേഹത്തിന്റെ അധ്യാപനങ്ങളിൽ നിന്നും അകന്നു പോയി അങ്ങനെ അല്ലാഹുവിൽ നിന്നും അവർ അകന്നുപോയിരിക്കുന്നു, ഇതിന്റെ തലപ്പത്തിരിക്കുന്നവർ അവർ അമിതാധികാരികളാണെന്ന് സ്വയം കരുതി. അദ്ദേഹത്തിന്റെ അധ്യാപനങ്ങളെ അപമാനിക്കുകയുണ്ടായി. അപ്പോൾ അല്ലാഹു (ത) അവന്റെ അപാരമായ അനുഗ്രഹത്താൽ മറ്റൊരു മുജദ്ദിദിനെ ഉയർത്തുകയുണ്ടായി. ഒരു മസീഹിനെ ഈ നൂറ്റാണ്ടിലേക്ക് ! മുഴുലോകത്തെയും, പരിഷ്ക്കരിക്കുന്നതിനായി ഇസ്ലാമിന്റെ മഹത്വത്തെ സംരക്ഷിക്കുന്നതിനായി ഹസ്രത് മുഹമ്മദ് (സ) ന്റെയും ഹസ്രത് മിർസാ ഗുലാം അഹ്മദ് (അ) ന്റെയും അഭിമാനം കാത്തു സൂക്ഷിക്കുവാനായി അൽഹംദുലില്ലാഹ് !

ഇസ്ലാമിന്റെ കൊടിക്കീഴിൽ അല്ലാഹു നമ്മെ ഒരുമിച്ചു നിർത്തട്ടെ ! അല്ലാഹുവിന്റെ ദൂതന്മാരുടെ മഹത്വത്തെ സംരക്ഷിക്കുന്നതിനായി ! അല്ലാഹുവിന്റെ മതത്തിന്റെ പരിഷ്ക്കർത്തക്കളെ ആദരിക്കുന്നതിനായി ഈ മഹത്തായ ഉത്തരവാദിത്വം നിറവേറ്റുവാൻ അല്ലാഹു (ത) നമ്മെ സഹായിക്കട്ടെ ; ജനങ്ങളോട് ദയയും അല്ലാഹുവിനോട് ഭയവും നമ്മി ലെപ്പോഴും അവൻ ചൊരിയട്ടെ !

ഇൻശാ അല്ലാഹ് ആമീൻ


**Translated & Issued by :**
**R. Jamaludin Raother**
**Amir - Jamaat Ul Sahih Al Islam**
**South Zone - Kerala, India**
**Ph : 9447001832, 0475-2252663**
**E-mail : jamal.raother@gmail.com**
**Web : www.jamaat-ul-sahih-al-islam.com**
**Blog : www.sahih-al-islam.blogspot.in**